ഖുത്ബ
15.7.2005
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

بســم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

# നബി(സ)തിരുമേനിയുടെ വിശ്വസ്തത

"***വല്ലദീനഹും ലിഅമാനാത്തിഹിം വ അഹ്ദിഹിം റാഊൻ***" സത്യവിശ്വാസികൾ തങ്ങളുടെ അമാനത്തുകളേയും കരാറുകളേയും പാലിക്കുന്നവരാണ്. (23:9)

വിദേശപര്യടനത്തിനു മുമ്പേ ഞാൻ നബി(സ) തിരുമേനിയുടെ ജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വിഷയമാണ് സംസാരിച്ചുവന്നത്. നബി(സ) തിരുമേനിയുടെ സൽസ്വഭാവങ്ങളുടേയും ജീവിതചര്യയുടേയും എല്ലാ വശങ്ങളും ഒരുപരിധിവരെ വിവരിക്കാമെന്നാണ് കരുതിയത്. എന്നാൽ പര്യടനങ്ങൾ കാരണം അതു തുടരാൻ കഴിഞ്ഞില്ല. എന്നല്ല ഓരോ നാട്ടിലേയും പ്രാദേശിക ആവശ്യമനുസരിച്ച് ഖുത്ബകൾ കൊടുക്കേണ്ടിയും വന്നു. പര്യടനവേളയിലും ഈ വിഷയംതന്നെ പറയാൻ കഴിയുമെന്ന് ഞാൻ ധരിച്ചിരുന്നു. പക്ഷേ, സാധിച്ചില്ല.

ഈ ഖുത്ബകളിലെല്ലാം നബി(സ) തിരുമേനിയുടെ ജീവിതചര്യയും ഉപദേശങ്ങളുമനുസരിച്ച് വിവിധ ശിക്ഷണപരമായ വിഷയങ്ങൾ പറയുക എന്ന രീതിയാണ് ഞാൻ അവലംബിച്ചുവരുന്നത്. എന്നാൽ, അവിടത്തെ ജീവിതത്തിന്റെ ചില പ്രത്യേകവശങ്ങളെടുത്തുകൊണ്ടുള്ള ഖുത്ബ പരമ്പര പര്യടനവേളയിൽ നടത്താൻ കഴിഞ്ഞില്ല; കാനഡ ജൽസയിലെ ഒരു പ്രഭാഷണത്തിലൊഴികെ. എന്തായാലും ഇന്നു മുതൽ നബി(സ) തിരുമേനിയുടെ പുണ്യജീവിതചരിത്രത്തിന്റെ ഭാഗങ്ങൾ വീണ്ടും വിവരിച്ചുതുടങ്ങുകയാണ്. ഇൻശാഅല്ലാഹ് വിവിധ ഖുത്ബകളിൽ ഇതു തുടർന്നുകൊണ്ടിരിക്കും. എന്നാൽ, ജൽസ കാരണത്താൽ വേറെ വിഷയങ്ങളും ഇടയ്ക്ക് വന്നുകൂടായ്കയില്ല. ഈ ഖുത്ബകളിൽ അവിടത്തെ പുണ്യജീവിതത്തിന്റെ എല്ലാ വശങ്ങളും വിവരിക്കുക അസംഭാവ്യമാണ്. അതൊരിക്കലും സാധ്യവുമല്ല. എന്നാൽ, നമ്മൾവരെ എത്തിയിട്ടുള്ള വിവിധ വശങ്ങളുടെ അല്പം മിന്നലാട്ടങ്ങളിൽ ചിലത് കേൾക്കാനും പഠിക്കാനും കഴിഞ്ഞാൽ അത് സത്യവിശ്വാസിയിൽ മാറ്റമുണ്ടാക്കിയേക്കാം. ആ മാറ്റം തീർച്ചയായും നമ്മെ ദൈവസാമീപ്യം പ്രാപിക്കുന്നവരും, ദൈവസാമീപ്യത്തിലേക്ക് കൊണ്ടുപോകുന്നവരുമാക്കിത്തീർക്കും. നമ്മുടെ പ്രിയങ്കരനായ നബി(സ)യുടെ ദൈവസാമീപ്യത്തിന്റേയും പരിശുദ്ധമായ ആത്മീയപ്രഭാവത്തിന്റേയും അനുഗ്രഹംകൊണ്ട് അവിടത്തെ അധ്യാപനങ്ങളനുസരിച്ച് നാം പ്രവൃത്തിക്കുന്ന കാരണത്താൽ, തന്റെ സാമീപ്യം നല്കി അല്ലാഹുതആല ഇന്നും നമ്മെ അനുഗ്രഹിച്ചേക്കാം. എന്നല്ല അവൻ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. അല്ലാഹുതആല നമുക്കിതിന് സൗഭാഗ്യം തന്നരുളുമാറാകട്ടെ.

വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: ***ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹു വ യഗ്ഫിർലക്കും ദുനൂബക്കും വല്ലാഹു ഗഫൂർറഹീം***

നീ പറയുക! അല്ലയോ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ, അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്കു പൊറുത്തുതരികയും ചെയ്യും. അല്ലാഹു ധാരാളമായി പൊറുക്കുന്നവനും ആവർത്തിച്ചാവർത്തിച്ച് കരുണ ചെയ്യുന്നവനുമാണ്. (*3:32*)

വളരെ വ്യക്തമായ നിർദ്ദേശമാണ് ഇവിടെ തന്നിട്ടുള്ളത്. നബിയോടുള്ള സ്നേഹവും ആ സ്നേഹംകൊണ്ടുള്ള പിൻപറ്റലും ഒരുകാലത്തേക്കു മാത്രമല്ല; അത് എന്നെന്നേക്കുമുള്ള നിർദ്ദേശമാണ്. ഇങ്ങനെ ചെയ്താൽ ദൈവസാമീപ്യം പ്രാപിക്കുന്നതാണ്. ദൈവസാമീപ്യം പ്രാപിക്കാൻ ഈ ഒരേയൊരു മാർഗ്ഗമേയുള്ളൂ; നിങ്ങൾ നബിയെ പിൻപറ്റിനടക്കുക. ഈ സുപ്രധാനമായ സംഗതി മനസ്സിലാക്കാൻ അല്ലാഹു ഓരോ അഹ്മദിയേയും കടാക്ഷിക്കുമാറാകട്ടെ.

ഇന്ന് നബി(സ) തിരുമേനിയുടെ ജീവിതത്തിലെ വിശ്വസ്തതയേയും സത്യസന്ധതയേയും പ്രതിജ്ഞാപാലനത്തേയും കുറിച്ച് പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഓരോ ജനവിഭാഗങ്ങളിലും ഓരോ രാജ്യങ്ങളിലും ഓരോ ഗോത്രങ്ങളിലും ഏതെങ്കിലുമൊക്കെ രീതിയിൽ കുറവുവന്നു കാണുന്ന സ്വഭാവഗുണങ്ങളാണിത്. ബാഹ്യത്തിൽ വിശ്വസ്തരായും, പ്രതിജ്ഞ പാലിക്കുന്നവരായും കാണുന്നവർപോലും സ്വന്തം കാര്യം വരു

മ്പോൾ വിശ്വസ്തതയേയോ, സത്യസന്ധതയേയോ പരിഗണിക്കാറില്ല. പ്രതിജ്ഞാപാലനവും ചെയ്യാറില്ല. എന്നാൽ നമ്മുടെ സമ്പൂർണ്ണ മാർഗ്ഗദർശകൻ(സ) തന്റെ കർമ്മം കൊണ്ട്, തന്റെ ജീവിതചര്യകൊണ്ട് നമ്മെ ഉപദേശിച്ചിരിക്കുകയാണ്. അവിടന്ന് വിശ്വസ്തതയുടെയും സത്യസന്ധതയുടേയും പ്രതിജ്ഞാപാലനത്തിന്റെയും ഉദാത്തമായ മാതൃക സ്ഥാപിച്ചു. ഈ മാനദണ്ഡമനുസരിച്ച് ചലിച്ചുകൊണ്ട് മനുഷ്യന് ദൈവസാമീപ്യം പ്രാപിക്കാൻ കഴിയും. അത് പ്രാപിച്ചെടുക്കാൻ ഇതിനു വെളിയിൽ മറ്റൊരു മാർഗ്ഗവുമില്ല.

ഞാനോതിയ വചനത്തിലും അല്ലാഹു പറയുന്നു ഇക്കൂട്ടർ തങ്ങളുടെ അമാനത്തുകളേയും കരാറുകളേയും പാലിക്കുന്നവരാണ്. ഇതനുസരിച്ച് ഏറ്റവുമധികം പ്രവർത്തിച്ചത് നമ്മുടെ യജമാനരായ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ) ആയിരുന്നു. അതുകൊണ്ടാണല്ലോ ഹസ്റത്ത് ആയിശ(റ) പറഞ്ഞത്. “അവിടത്തെ ഉൽകൃഷ്ട സ്വഭാവം കാണണമെങ്കിൽ വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങൾ മറിച്ചുനോക്കുക.”

അതായത് അവിടത്തെ ഓരോ കർമ്മവും വിശുദ്ധഖുർആന്റെ പാഠമനുസരിച്ചായിരുന്നു. നിങ്ങൾ നാലുപാടും ഒന്നുകണ്ണോടിച്ചു നോക്കുക. ഇന്നും ലോകത്ത് യുദ്ധങ്ങൾ നടക്കുന്നുണ്ട്. സംസ്കാരസമ്പന്നരെന്നും അഭ്യസ്തവിദ്യരെന്നും പറയുന്ന ആളുകൾ ബലഹീനരായ ആളുകളുടെമേൽ വിജയം വരിക്കാൻ വേണ്ടി മനുഷ്യത്വം ലജ്ജിച്ചുപോകുംവിധമുള്ള ആയുധങ്ങളാണ് പ്രയോഗിക്കുന്നത്. ഈ യുദ്ധങ്ങൾ കാരണം പകയുടേയും വിദ്വേഷത്തിന്റേയും അഗ്നി ആളിപ്പടരുന്നു. ഇതിന്റെ ഉദ്ദേശ്യം എതിർജനതയെ നിന്ദിക്കുക, നശിപ്പിക്കുക എന്നത് മാത്രമാണ്.

ഇസ്ലാമിനെ പ്രചരിപ്പിക്കുന്നതിനുവേണ്ടി യുദ്ധം ചെയ്തു എന്നുള്ള ആക്ഷേപം നമ്മുടെ നബിക്കെതിരിൽ ഉന്നയിക്കപ്പെടുന്നു. തന്റെ ഉദ്ദേശ്യസാഫല്യത്തിന്നായി വാളെടുത്തുവെന്ന് ആരോപണം ഉതിർക്കുന്നു. ഇതെല്ലാം കളവും കെട്ടച്ചമച്ചതുമാണ്. അത് സംബന്ധമായി ഇപ്പോൾ ഞാനൊന്നും പറയുന്നില്ല. എന്നാൽ, ഒരു യുദ്ധാവസരത്തിലുണ്ടായ സംഭവം ഞാൻ പറയാം. നബി(സ) എങ്ങനെയാണ് വിശ്വസ്തതയുടേയും സത്യസന്ധതയുടേയും ഉന്നതമായ മാതൃക കാഴ്ചവെച്ചത്. ചരിത്രം ഇതിന് സാക്ഷിയാണ്. മുസ്ലിം സൈന്യം ഖൈബർ വളഞ്ഞ സന്ദർഭം. അപ്പോൾ ഖൈബർദേശത്തെ യഹൂദിനേതാവിന്റെ ഒരുആട്ടിടയൻ ആട്ടിൻപറ്റത്തോടൊപ്പം മുസ്ലിംകൾ നിലകൊണ്ട ഭാഗത്തേക്ക് വരികയും മുസ്ലിമാവുകയും ചെയ്തു. നബി(സ) തിരുമേനിയുടെ സന്നിധിയിൽ എത്തി അയാൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! ഞാൻ മുസ്ലിമായിരിക്കുകയാണ്. ഇനി തിരിച്ചുപോകാൻ ആഗ്രഹിക്കുന്നില്ല. എന്റെ കയ്യിൽ അവിടെത്തെ ആടുകളുണ്ട്. അവയെ ഞാൻ എന്തു ചെയ്യണം? (യഹൂദിയാണ് അതിന്റെ ഉടമസ്ഥൻ എന്ന കാര്യം ഓർക്കുക) നബിതിരുമേനി പറഞ്ഞു: ആ ആടുകളുടെ മുഖം എതിരാളികളുടെ കോട്ടയുടെ ഭാഗത്തേക്കാക്കി തെളിച്ചുവിടുക. അവ അവയുടെ ഉടമസ്ഥന്റെ അടുക്കൽ എത്തിക്കൊള്ളും. അയാൾ അങ്ങനെതന്നെ ചെയ്തു. കോട്ട സൂക്ഷിപ്പുകാർ അവയെ സ്വീകരിച്ചു കോട്ടക്കുള്ളിലേക്കു കൊണ്ടുപോയി. ഇതാണ് നബിതിരുമേനി സ്ഥാപിച്ച വിശ്വസ്തതയുടേയും സത്യസന്ധതയുടേയും ആ ഉന്നതമായ മാതൃക. ഇന്നത്തെ യുദ്ധങ്ങളിൽ ആരെങ്കിലും ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കാറുണ്ടോ? എന്നല്ല നിസ്സാരമായ വൈരാഗ്യമുണ്ടായാൽ മതി പരസ്പരം നഷ്ടം വരുത്താനും പരസ്പരം പണം അപഹരിച്ചെടുക്കാനും.

ഈ അവസരം എങ്ങനെയുള്ളതായിരുന്നുവെന്ന് നാം നോക്കേണ്ടതുണ്ട്. ശത്രുവിന്റെ സമ്പത്തിനുമേൽ ആധിപത്യം കൈവന്നിട്ടും ഈ രീതിയിലുള്ള അധാർമ്മികമായ വഴി നബി(സ) അന്യായമായി മനസ്സിലാക്കി. കോട്ടയെ ഉപരോധിച്ചിരുന്ന കാരണത്താൽ വെളിയിൽനിന്ന് ഭക്ഷണമൊന്നും അതിനുള്ളിലേക്ക് കൊണ്ടുപോകാൻ സാധിക്കുമായിരുന്നില്ല. ഈ ആടുകളാണെങ്കിൽ കോട്ടക്കുള്ളിൽ കഴിയുന്ന ശത്രുക്കൾക്ക് കുറേ നാളത്തേക്ക് ഭക്ഷണമാവുകയും ചെയ്യും. അങ്ങനെ ഈ ഉപരോധവും യുദ്ധവും ദീർഘനാൾ നീണ്ടുപോകാനും ഇടയുണ്ട്. ഇതൊക്കെയായിട്ടും നബി(സ) കരുതി: ആരുടേയോ സ്വത്തിന്റെ സൂക്ഷിപ്പുകാരനായ ഈ വ്യക്തി ഇപ്പോൾ മുസ്ലിമായിരിക്കുന്നു. മുസ്ലിമായതിനുശേഷം അയാൾ ഒരു വഞ്ചനയും ചെയ്യാൻ പാടില്ല. അതുകൊണ്ട് ഇസ്ലാംമതം സ്വീകരിച്ചുടനെ അയാളെ വിശ്വസിച്ചേല്പിച്ച മുതലിൽ വഞ്ചന കാണിക്കരുതെന്ന മഹത്തായ പാഠം നബി(സ) അയാൾക്ക് നല്കി. ഏതവസ്ഥയാണെങ്കിലും അല്ലാഹുവിന്റെ ഈ കല്പനയെ മുറുകെപിടിക്കണം. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ അമാനത്തിനെ കാത്തുസൂക്ഷിക്കുക എന്ന് അയാളോട് പറഞ്ഞു.

യുദ്ധം നടക്കുന്ന സന്ദർഭമാണ്. മുസ്ലിംകൾക്കും ഭക്ഷണം അത്യന്താപേക്ഷിതമാണ്. ആ ആടുകൾ അവർക്ക് ഉപകാരപ്പെടുകയും ചെയ്യുമായിരുന്നു. അത് യുദ്ധമുതലിൽപെട്ടതായതുകൊണ്ട് അനുവദനീയമാണെന്നും ചിലർക്ക് തോന്നിയിരുന്നു. പക്ഷേ, നബി(സ) പറഞ്ഞു. അങ്ങനെയല്ല. അത് അന്യായയമാണ്. വഞ്ചനയാണ്. അന്യായമായും വഞ്ചിച്ചും ഉണ്ടാക്കിയ മുതൽ മുസ്ലിംകൾക്ക് ഹറാമാണ്. നബി(സ) നല്കിയ പാഠമാണിത്. മാതൃകയാണിത്.

അവിടത്തെ പരിശുദ്ധ പ്രകൃതിയിൽ വിശ്വസ്തതയുടേയും സത്യസന്ധതയുടേയും കരാർ പാലനത്തിന്റേയും ഉത്തമമായ സ്വഭാവം നുബുവ്വത്ത്വാദത്തിനു

മുമ്പേ നിലനിന്നിരുന്നതായി കാണാം. ദൈവസാമീപ്യവും ഖുർആനികാദ്ധ്യാപനവും അതിൽ വർദ്ധനവുണ്ടാക്കി.

നുബുവ്വത്തുവാദത്തിനു മുമ്പേ മക്കയിലെ ചില മാന്യവ്യക്തികൾ ചേർന്ന് അക്രമങ്ങൾക്കും അന്യായമായ പെരുമാറ്റങ്ങൾക്കും ഇരയായിട്ടുള്ളവരെ സഹായിക്കാൻ വേണ്ടി ഒരു പ്രതിജ്ഞ ചെയ്തിരുന്നു. അതിന്റെ പേർ 'ഹിൽഫുൽഫുളൂൽ' എന്നായിരുന്നു. ഒരു ഘട്ടത്തിൽ ഒരു മർദ്ദിതൻ ഈ പ്രതിജ്ഞയെടുത്തു പറഞ്ഞ് നബിയോട് സഹായം അഭ്യർത്ഥിച്ചു. അപ്പോൾ അവിടന്ന് ചാടിയെണീറ്റു. നുബുവ്വത്തുവാദത്തിനു ശേഷം കഠിനമായ പരീക്ഷണങ്ങൾ അഭിമുഖീകരിക്കുന്ന ഘട്ടത്തിലായിരുന്നു ഇത്. അബൂജഹൽ ആയിരുന്നു എതിരാളികളിൽ മുമ്പൻ. വളരെ മുമ്പെ ചെയ്ത പ്രതിജ്ഞയായിരുന്നു ഇത്. അന്ന് ആ പ്രതിജ്ഞ ചെയ്ത പലരും അത് ലംഘിക്കുകയോ മറക്കുകയോ ചെയ്തിട്ടുണ്ടാകാം. പക്ഷെ, അവിടന്ന് ആ പ്രതിജ്ഞ ഒരിക്കൽ ചെയ്തതുകൊണ്ട് ആ പരിതസ്ഥിതിയിലും അതിനെ പൂർത്തിയാക്കാൻ സന്നദ്ധനായി. അവിടന്ന് നേരിട്ട് അബൂജഹലിന്റെ വീട്ടിൽപോയി അയാളിൽ നിന്ന് ആ സാധുമനുഷ്യന് കിട്ടാനുള്ളത് വാങ്ങിക്കൊടുത്തു. യുവത്വകാലത്തെ നബിതിരുമേനിയുടെ വിശ്വസ്തതയും സത്യസന്ധതയും വളരെ പ്രസിദ്ധമായിരുന്നു. മക്കയിലെ ഖുറൈശികൾ യുവാവായ മുഹമ്മദിനെ അൽ-അമീൻ അഥവാ വിശ്വസ്തൻ എന്നായിരുന്നു ഓമനിച്ചുവിളിച്ചിരുന്നത്.

കഅ്ബയുടെ പുനരുദ്ധാരണവേളയിൽ ഹജ്റെ അസ്വദ് എടുത്തുവെക്കുന്നതിനെ സംബന്ധിച്ച് ഖുറൈശി നേതാക്കന്മാർക്കിടയിൽ തർക്കമുണ്ടായി. അതിന്റെ പരിഹാരത്തിനായി അതിരാവിലെ ആദ്യം കഅ്ബയിലേക്ക് വരുന്ന ആളേയും കാത്ത് അവർ നിന്നു. അതായത് രാവിലെ ആരാണോ ആരാധനയ്ക്കായി കഅ്ബയിലെത്തുന്നത് അവരെക്കൊണ്ട് തീരുമാനമെടുപ്പിക്കാമെന്ന് തീരുമാനിച്ചാണ് ഖുറൈശി നേതാക്കൾ തലേനാൾ പിരിഞ്ഞുപോയത്. പിറ്റേന്നുരാവിലെ ആദ്യമായി മുഹമ്മദിന്റെ മുഖകമലം കഅബയിൽ കണ്ടപ്പോൾ അനിയന്ത്രിതമായി അവർ വിളിച്ചുപറഞ്ഞു 'ഹാദൽ അമീൻ!' ഇത് വിശ്വസ്തനാണ്. തീർച്ചയായും ഇദ്ദേഹം നല്ല തീരുമാനമെടുക്കും. പിന്നീട് അവിടന്ന് പറഞ്ഞ മനോഹരമായ വിധി ചരിത്രത്തിൽ ഇന്നും നിലനില്ക്കുന്നു. എല്ലാ കക്ഷികൾക്കും അത് തൃപ്തിയുണ്ടാക്കി. ഇത് നുബുവ്വത്തിനു മുമ്പേയുള്ള സംഭവമാണ്.

ഹസ്റത്ത് അബ്ദുല്ലാഹ് ബിൻ അബീ ഹംസ(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ നബി തിരുമേനിയോട് അദ്ദേഹത്തിന്റെ നുബുവ്വത്ത് വാദത്തിനുമുമ്പേ ഒരു സാധനം വാങ്ങി. പക്ഷെ, കുറച്ച് പണം നല്കാൻ ബാക്കിയുണ്ടായിരുന്നു. അതുകൊണ്ട് മുഹമ്മദിനോട് അവിടെ നില്ക്കാൻ പറഞ്ഞിട്ട് ബാക്കി പണത്തിനായി ഞാൻ വീട്ടിലേക്ക് പോയി. വീട്ടിൽ വന്നപ്പോൾ ഞാൻ അക്കാര്യം മറന്നു. മൂന്ന് ദിവസം കഴിഞ്ഞപ്പോഴാണ് എനിക്കത് ഓർമ്മവന്നത്. അപ്പോൾ ഞാൻ അവിടെ ഓടിച്ചെന്നു. മുഹമ്മദ് അവിടത്തന്നെ നില്പുണ്ടായിരുന്നു. എന്നെ കണ്ടപ്പോൾ അവിടന്ന് പറഞ്ഞു: ഏ ചെറുപ്പക്കാരാ, താങ്കൾ എന്നെ വല്ലാതെ ബുദ്ധിമുട്ടിച്ചു. ഞാൻ ഇവിടെ മൂന്നുദിവസമായി താങ്കളെ കാക്കുന്നു.

ഞാൻ ഇവിടെ നില്ക്കാമെന്ന് അവിടന്ന് പറഞ്ഞുപോയി, പിന്നെ നില്ക്കാതിരിക്കാൻ പറ്റില്ലല്ലോ! അതുകൊണ്ട് മൂന്നു ദിവസംവരെ വിവിധ നേരങ്ങളിൽ അവിടെപ്പോയി നോക്കും; പ്രത്യേകിച്ച്, അയാൾ പറഞ്ഞ സമയത്ത്. ഇതായിരുന്നു നബിതിരുമേനിയുടെ വാക്ക് പാലനം.

യുവത്വകാലത്തെ ഒരു സംഭവമാണിത്. ഖദീജ തന്റെ കച്ചവട സാധനങ്ങളുമായി മുഹമ്മദിനെ ശാമിലേക്കയച്ചു. ഒരു അടിമയേയും കൂടെ അയച്ചിരുന്നു. അടിമവന്ന് ഖദീജയോട് മുഹമ്മദിന്റെ വിശ്വസ്തതയും സത്യസന്ധതയും ചിത്രീകരിച്ചപ്പോൾ അതിൽ ആകർഷകയായ ഖദീജ തനിക്കുവേണ്ടി വിവാഹാലോചന നടത്തുകയുണ്ടായി. തുടർന്ന് ആ വിവാഹം നടക്കുകയും ചെയ്തു.

നുബുവ്വത്ത് വാദിച്ചപ്പോൾ മക്കക്കാരിൽനിന്നു തന്നെ ഒരാൾ നബിയെക്കുറിച്ച് സാക്ഷി പറഞ്ഞു. എല്ലാ ഖുറൈശികളേയും സംബോധന ചെയ്തുകൊണ്ട് നള്ർബിൻ ഹാരിസ് ആണ് അത് വിളിച്ചുപറഞ്ഞത്. "മുഹമ്മദ് നിങ്ങളിൽ ഒരു കുട്ടിയായിരുന്നു. നിങ്ങളിലാണ് വളർന്നതും വലുതായതും. നിങ്ങൾ ഏറ്റവും ഇഷ്ടപ്പെട്ട വ്യക്തിയായിരുന്നു അദ്ദേഹം. നിങ്ങളിൽ ഏറ്റവും അധികം സത്യം പറയുന്ന ആളുമായിരുന്നു. നിങ്ങളിൽ ഏറ്റവും അധികം വിശ്വസ്തനുമാണ്. നിങ്ങൾ അദ്ദേഹത്തിൽ വാർദ്ധക്യത്തിന്റെ ലക്ഷണങ്ങൾ കണ്ടപ്പോൾ, ദൈവം നല്കിയ അധ്യാപനവുമായി അദ്ദേഹം നിങ്ങളുടെ അടുക്കൽ വന്നപ്പോൾ ഇന്ദ്രജാലക്കാരൻ എന്ന് നിങ്ങൾ പറയുന്നുവോ? അല്ലാഹുവാണ! അദ്ദേഹം ഇന്ദ്രജാലക്കാരനല്ല."

ഇതാണ് യുവത്വകാലത്ത് എല്ലാവരും കാണുംവിധം നബി തിരുമേനിയിൽ പ്രകടമായ പ്രത്യേകതകൾ. ജനതയിലെ മാന്യവ്യക്തികൾ അതിന് സാക്ഷ്യവും പറഞ്ഞു. അപ്പോൾ അവിടെ എതിരാളികളും ആക്ഷേപകരും ഉണ്ടായിരുന്നു. എന്നാൽ, താങ്കൾ കളവാണ് പറയുന്നതെന്ന് നള്റിനോട് ആരും പറഞ്ഞില്ല. എല്ലാവരും മൗനം പാലിക്കുകയാണ് ചെയ്തത്.

നുബുവ്വത്തിനുശേഷവും മാന്യരായ മക്കയിലെ ചില നേതാക്കൾ നബിയെ ആദരിക്കുമായിരുന്നു. അവർ നബിയുടെ പക്കൽ അമാനത്ത് വെക്കുമായിരുന്നു. വിശ്വസ്തനായ ഒരാളുടെ കയ്യിൽ തങ്ങളുടെ അമാനത്ത് സുരക്ഷിതമാണെന്ന് അവർക്കറിയാമായിരുന്നു. നബിതിരുമേനി എങ്ങനെയാണ് അത്തരക്കാരോടുള്ള കടമ നിറവേറ്റിയത്. ഹിജ്റത്ത് നേരത്ത് ഒരുപാടാളുകളുടെ അമാനത്ത് നബിതിരുമേനിയുടെ കയ്യിൽ ഉണ്ടായിരുന്നു. അത് മടക്കിക്കൊടുക്കാനുള്ള ഏർപ്പാട് ചെയ്തിട്ടാണ് അവിടന്ന് മക്കയിൽനിന്ന് പുറപ്പെട്ടത്.

അല്ലാഹുവിന്റെ കല്പനയാൽ ഹിജ്റത്ത് ചെയ്യാൻ അവിടന്ന് തീരുമാനിച്ചപ്പോൾ, മക്കയിലെ നിഷേധികൾ അവിടത്തെ രക്തത്തിനുവേണ്ടി ദാഹിച്ചിരുന്നു. ഗൂഡാലോചനയിലൂടെ അവർ വധിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്തിരുന്നു. ആ സമയത്ത് തന്റെ കയ്യിലുള്ള അമാനത്തുകൾ തിരിച്ചുകൊടുക്കാൻ പരസ്യപ്പെടുത്തിയിരുന്നുവെങ്കിൽ ശത്രുക്കൾ അതറിയുകയും അപകടം ഉണ്ടാവുകയും ചെയ്യുമായിരുന്നു. എന്നാൽ നബിക്ക് എങ്ങനെയെങ്കിലും ജനങ്ങൾക്ക്, അവർ ഏല്പിച്ച മുതൽ തിരിച്ചുകൊടുക്കണമെന്നുള്ള ചിന്തയായിരുന്നു. തങ്ങളുടെ അമാനത്തും മുഹമ്മദ് തട്ടിക്കൊണ്ടുപോയി എന്ന് ജനങ്ങൾ പറയാനിടവരരുതെന്ന് നബിക്ക് നിർബ്ബന്ധമുണ്ടായിരുന്നു. ഞങ്ങൾ ഇയാളെ അമീൻ എന്ന് മനസ്സിലാക്കി. ഇപ്പോൾ ഞങ്ങളെ വഞ്ചിച്ച് അയാൾ കടന്നുകളഞ്ഞു എന്ന് ജനങ്ങൾ പറയുന്ന ഒരവസ്ഥ ഉണ്ടാകാൻ പാടില്ല.

നബി(സ) ഹസ്റത്ത് അലിയെ എല്ലാ അമാനത്തുകളും ഏല്പിക്കുകയും അതെല്ലാം മടക്കിക്കൊടുത്തതിനുശേഷമേ മക്കയിൽനിന്ന് പോകാവൂ എന്ന് അദ്ദേഹത്തോട് നിർദ്ദേശിക്കുകയും ചെയ്തു. സത്യസന്ധനും വിശ്വസ്തനുമായ ആ ധന്യാത്മാവ് ആ ദുർഘടഘട്ടത്തിലും തന്റെ പ്രിയപ്പെട്ട ഒരാളെ അതിനായി നിയോഗിച്ചു. പറഞ്ഞു: ഇവിടെ ആളുകൾ എന്നെ പുറത്താക്കാനോ വധിക്കാനോ ഉള്ള തക്കംപാർത്തിരിക്കുകയാണ്. എന്നാൽ, എന്റെ അമീൻ എന്നുള്ള അവസ്ഥ എന്നോട് ആവശ്യപ്പെടുന്നത് ഇവരുടെ അമാനത്തുകൾ സുരക്ഷിതമായി അവരിലെത്തിക്കുക എന്നാണ്. വിശ്വസ്തതയുടേയും സത്യസന്ധതയുടേയും ഉന്നതമായ ഈ നില അവിടന്ന് കാണിച്ചതിനോടൊപ്പം തന്റെ ഉമ്മത്തിനെ അതുപദേശിക്കുകയും ചെയ്തു; ഇതിന്റെ മാതൃക നിലനാട്ടാൻ. എന്നിട്ട് ഇതിന്റെ ചെറിയ ചെറിയ കാര്യങ്ങൾ പോലും ശ്രദ്ധിക്കാനും പറഞ്ഞു.

ഉദാഹരണത്തിന് ഭാര്യാഭർത്തൃബന്ധംതന്നെ. അതിനെ സംബന്ധിച്ചും അത് അമാനത്താണെന്നും അതിനെ ശ്രദ്ധിക്കണമെന്നും അവിടന്ന് ഉപദേശിച്ചു. ഹസ്റത്ത് അബൂ സഈദ് ഖുദ്രി(റ) പറയുന്നു. നബിതിരുമേനി പറഞ്ഞു: ഭാര്യയും ഭർത്താവും ബന്ധപ്പെടുകയും എന്നിട്ട് അവരുടെ രഹസ്യം പരസ്യപ്പെടുത്തുകയും ചെയ്യുക എന്നത് അന്ത്യദിനത്തിൽ അല്ലാഹുവിങ്കൽ ഏറ്റവും വലിയ വഞ്ചനയായി ഗണിക്കപ്പെടുന്നു.

ഇക്കാലത്തെ സമൂഹത്തിൽ ചില സന്ദർഭങ്ങളിൽ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള രഹസ്യങ്ങൾ തങ്ങളുടെ മാതാപിതാക്കളോടുപോലും പറയുന്നു. ഇതുമുഖേന പിന്നീട് വഴക്കും ലഹളയും ഉണ്ടാകുന്നു. കുട്ടികളോട് ചുഴിഞ്ഞു ചുഴിഞ്ഞ് ചില കാര്യങ്ങൾ ചോദിക്കുന്ന മാതാപിതാക്കളും ഉണ്ട്. ഇത് പിന്നീട് കലഹത്തിന് വഴിവെക്കുന്നു. അതുകൊണ്ട് അവിടന്ന് പറഞ്ഞു. ഭാര്യാഭർത്താക്കന്മാരുടെ രഹസ്യകാര്യങ്ങൾ അവർ മറ്റുള്ളവരോട് പറയരുത്. അത് പറഞ്ഞുനടക്കാൻ അവർക്ക് അവകാശവുമില്ല. മറ്റുള്ളവർ അതിനെ കുറിച്ച് ചോദിക്കാനും പാടില്ല. ഈ ഉപദേശമനുസരിക്കുകയാണെങ്കിൽ ഒരുമാതിരിപ്പെട്ട എല്ലാ കുടുംബകലഹങ്ങളും ഇല്ലാതാക്കാൻ കഴിയുന്നതാണ്.

ഹസ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബിതിരുമേനി പറഞ്ഞു: നിങ്ങളെ വിശ്വസിച്ച് നിങ്ങളെ ഏല്പിച്ച മുതൽ അതേപോലെ നിങ്ങൾ തിരിച്ചേല്പിക്കുക. നിങ്ങളോട് വഞ്ചന കാണിക്കുന്നവരോടുപോലും നിങ്ങൾ വഞ്ചന കാണിക്കരുത്.

ഇതുപദേശം മാത്രമല്ല. മറിച്ച് അമാനത്തുകൾ തിരിച്ചേല്പിക്കുന്ന കാര്യത്തിലുള്ള ശ്രദ്ധ നിരവധി സംഭവങ്ങളിലൂടെ അവിടത്തെ ജീവിതത്തിൽ നാം കണ്ടുവന്നതാണ്. നമുക്ക് മുന്നറിയിപ്പ് നല്കിക്കൊണ്ട് അവിടന്ന് പറഞ്ഞു. ഹസ്റത്ത് അബു ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: കപടവിശ്വാസിയുടെ ലക്ഷണം മൂന്നാകുന്നു. (1) സംസാരിക്കുമ്പോൾ കളവ് പറയും. (2) വിശ്വസിച്ചാൽ ചതിക്കും. (3) വാഗ്ദാനം ചെയ്താൽ ലംഘിക്കും.

വളരെ ഭയപ്പെടേണ്ട അവസരമാണിത്. അത്തരം അവസ്ഥയിൽനിന്ന് അല്ലാഹു ഓരോ അഹ്മദിയേയും സംരക്ഷിക്കുമാറാകട്ടെ. ഓരോരുത്തരേയും എപ്പോഴും സത്യസന്ധരിലും വിശ്വസ്തരിലും കരാർ പാലിക്കുന്നവരിലും ഉൾപ്പെടുത്തിവയ്ക്കുമാറാകട്ടെ.

ഹസ്റത്ത് അനസ് ബിൻ മാലിക്(റ) പറയുന്നു നബിതിരുമേനി ഞങ്ങളെ സംബോധന ചെയ്തുകൊണ്ട് എപ്പോഴും പറയാറുണ്ടായിരുന്നു: അമാനത്തിനെ പരിഗണിക്കാത്തവന്റെ ഈമാൻ അഥവാ വിശ്വാസം ഈമാനല്ല. കരാർ പാലിക്കാത്തവന്റെ ദീൻ ഒരു ദീനുമല്ല.

സ്വന്തം കർമ്മങ്ങൾകൊണ്ട് അമാനത്ത് കാത്തുസൂക്ഷിക്കുന്നതിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനുപുറമെ കരാർ പാലിക്കുന്ന കാര്യത്തിൽ അവിടന്ന് നമുക്ക് മാതൃക കാണിച്ചുതന്നു. അതിന് എങ്ങനെയാണ്

ശത്രുക്കൾ സാക്ഷിപറഞ്ഞതെന്ന് നോക്കുക.

ഹസ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഹസ്റത്ത് അബു സുഫ്യാൻ(റ) എന്നോട് പറഞ്ഞിട്ടുണ്ട്. ഞങ്ങളുടേയും മുഹമ്മദ് നബിയുടേയും ഇടയിൽ ഹുദയ്ബിയാ കരാർ ഉണ്ടായപ്പോൾ കച്ചവടാവശ്യത്തിനായി ഞാൻ ശാമിലേക്ക് പോയിരിക്കുകയായിരുന്നു. ഞാൻ ശാമിൽതന്നെയുള്ളപ്പോൾ നബിതിരുമേനിയുടെ തബ്ലീഗ് കത്ത് റോമാചക്രവർത്തിയായ ഹിർഖലിന്റെ അടുക്കലെത്തി. ***ദിഹ്യത്തുൽ ഖൽബിയ***യാണ് ആ കത്ത് കൊണ്ടുകൊടുത്തത്. ഈ കത്ത് കിട്ടിയപ്പോൾ ഹിർഖൽ ചോദിച്ചു: അറേബ്യയിൽ പ്രവാചകനാണെന്ന് വാദിക്കുന്ന ആളിന്റെ അനുയായികളിൽപ്പെട്ട ആരെങ്കിലും ഇവിടെയുണ്ടോ? ഇവിടെ കുറേയാളുകൾ വന്നിട്ടുണ്ടെന്ന് അവിടെ സന്നിഹിതരായവർ പറഞ്ഞു. അങ്ങനെ ഖുറയ്ശികളുടെ സംഘത്തോടൊപ്പം എന്നേയും വിളിപ്പിച്ചു. ഞങ്ങൾ ഹിർഖലിന്റെ ദർബാറിലെത്തിയപ്പോൾ അദ്ദേഹത്തിനു മുമ്പിൽ ഞങ്ങളെ ഇരുത്തി. ഹിർഖൽ ചോദിച്ചു: നബിയാണെന്ന് വാദിക്കുന്ന ആളുടെ അടുത്ത ബന്ധുക്കളാരെങ്കിലും നിങ്ങളിലുണ്ടോ? ഞാൻ അയാളുടെ അടുത്ത ബന്ധുവാണെന്ന് അബു സുഫ്യാൻ പറഞ്ഞു. അവിടത്തെ നടത്തിപ്പുകാർ എന്നെ ഹിർഖലിന്റെ മുമ്പിൽകൊണ്ടിരുത്തി; കൂടെയുള്ളവരെ എന്റെ പിന്നിലും. പിന്നീട് ഹിർഖൽ ദ്വിഭാഷിയെ വിളിച്ച് അദ്ദേഹത്തോട് അറബികളോട് ഇങ്ങനെ പറയാൻ കല്പിച്ചു: ഞാൻ അബൂസുഫ്യാനോട് ചിലത് ചോദിക്കും. അദ്ദേഹം കളവ് പറയുകയാണെങ്കിൽ പിന്നിൽനിന്ന് ആംഗ്യംകാണിച്ച് എനിക്ക് വിവരം തരണം. അബുസുഫ്യാൻ പറയുന്നു: എന്റെ പിന്നിലിരിക്കുന്നവർ സത്യം വെളിപ്പെടുത്തുമെന്ന ഭീതി എനിക്കില്ലായിരുന്നുവെങ്കിൽ തീർച്ചയായും ഞാൻ കളവ് പറയുമായിരുന്നു.

ഇതൊരു സുദീർഘമായ നിവേദനമാണ്. ഹിർഖൽ ഒരുപാട് ചോദ്യങ്ങൾ ചോദിച്ചു. അതിലൊന്ന് കരാർ പാലനത്തെക്കുറിച്ചുമായിരുന്നു. അബു സുഫ്യാൻ പറയുന്നു. കരാർ നിബന്ധനകൾ എപ്പോഴെങ്കിലും അദ്ദേഹം ലംഘിച്ചിട്ടുണ്ടോ എന്ന് ഹിർഖൽ എന്നോട് ചോദിച്ചു. ഞാൻ പറഞ്ഞു: ഇതുവരെയില്ലെന്ന് പറയാം. എന്നാൽ, അടുത്തകാലത്ത് ഞങ്ങൾ അദ്ദേഹവുമായി ഒരു കരാർ ഉണ്ടാക്കിയിട്ടുണ്ട്. അത് അദ്ദേഹം പാലിക്കുമോ എന്ന് കണ്ടറിയണം. അബു സുഫ്യാൻ പറയുന്നു: ഇതല്ലാതെ മറ്റൊന്നും ആ സംഭാഷണമദ്ധ്യേ നബിതിരുമേനിക്കെതിരിൽ പറയാനുള്ള അവസരം എനിക്ക് കിട്ടിയില്ല.

ഹിർഖൽ അവസാനം പറഞ്ഞു: എപ്പോഴെങ്കിലും അദ്ദേഹം രാജ്യദ്രോഹം ചെയ്തിട്ടുണ്ടോ എന്ന് ഞാൻ ചോദിച്ചപ്പോൾ താങ്കൾ പറഞ്ഞു ഇല്ലായെന്ന്. ഇതാണ് പ്രവാചകന്മാരുടെ അടയാളം. അവർ ഒരിക്കലും കരാർ ലംഘിക്കുകയോ രാജ്യദ്രോഹപ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യുകയില്ല. സൂക്ഷിക്കാനേല്പിച്ച മുതലിൽ അവർ വഞ്ചന കാണിക്കുകയുമില്ല. അവർ വാക്കിൽ കൃകൃത്യക്കാരായിരിക്കും. നോക്കുക, അവിടെയിരുന്നവരുടെ മനസ്സ് തുറന്നില്ല. പക്ഷെ, ഹിർഖലിന് സംഗതിയുടെ യാഥാർത്ഥ്യം ബോദ്ധ്യമായി. അല്ലാഹുവിന് മാത്രമേ മനസ്സ് തുറക്കാൻ കഴിയുകയുള്ളൂ.

കരാർ പാലനത്തിനുള്ള അതുല്യമായ ഒരു ഉദാഹരണമാണ് ഹുദയ്ബിയാ കരാർ വേളയിലുണ്ടായത്. ചരിത്രത്തിൽ അത് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. കരാർ എഴുതി തീർന്നതേയുള്ളൂ, സുഹയ്ലിന്റെ മകനായ അബൂജന്ദൽ ബന്ധനസ്ഥനായ നിലയിൽ തിരുനബിയുടെ മുമ്പിൽ വന്നു. മുസ്ലിംകളാണെങ്കിൽ മക്കയിലേക്ക് പോകാമെന്ന പ്രത്യാശയോടുകൂടിയാണ് വന്നിരുന്നത്. പക്ഷെ, നബിതിരുമേനി ഇങ്ങനെ രഞ്ജിപ്പുണ്ടാക്കി മടങ്ങുന്നത് കണ്ടപ്പോൾ അത് മുസ്ലിംകളിൽ വലിയ നിരാശയുണ്ടാക്കി. ആ ദുഃഖഭാരത്താൽ അവർക്ക് വല്ലതും സംഭവിക്കുമോ എന്നുപോലും ശങ്കയുണ്ടായി. ഈ പരിതസ്ഥിതിയിൽ സുഹ്യിൽബിൻ അംറ് തന്റെ മകൻ അബൂജന്ദലിനെ മുസ്ലിംപക്ഷത്ത് നില്ക്കുന്നത് കണ്ടപ്പോൾ കരണക്കുറ്റിക്ക് ഒരടി കൊടുത്തു. എന്നിട്ടയാൾ നബിതിരുമേനിയോട് പറഞ്ഞു: ഏ, മുഹമ്മദ്! ഞാനും നിങ്ങളും തമ്മിൽ ഇവൻ വരുന്നതിനു മുമ്പേ ഒരു കരാർ നടത്തിക്കഴിഞ്ഞിരിക്കുന്നു. (അതായത്, എന്റെ മകനെ നിന്നോടൊപ്പം അയക്കാൻ ഞാൻ അനുവദിക്കുകയില്ലെന്നാണ് അയാൾ സൂചിപ്പിച്ചത്. വാസ്തവത്തിൽ അത് ശരിയല്ലായിരുന്നു.) നബി തിരുമേനി പറഞ്ഞു: താങ്കൾ പറഞ്ഞത് സത്യമാണ്. അബൂജന്ദലിനെ പിടിച്ച് പിന്നിലേക്ക് വലിക്കാൻ സുഹൈൽ ശ്രമിച്ചു; അവനെ ഖുറൈശികൾക്ക് കൈമാറുന്നതിനുവേണ്ടി. അബുജന്ദൽ വാവിട്ട് നിലവിളിക്കാൻ തുടങ്ങി. അല്ലാഹുവിന്റെ റസൂലേ! അല്ലയോ മുസ്ലിംകളേ! എന്നെ നിങ്ങൾ സത്യനിഷേധികളിലേക്ക് തിരിച്ചയക്കുകയാണോ? എന്നെ വീണ്ടും അവർ ബുദ്ധിമുട്ടിക്കാൻ വേണ്ടി. മുസ്ലിംകൾക്ക് അത് കണ്ടപ്പോൾ വല്ലാത്ത വിഷമമായി. നബി(സ) പറഞ്ഞു: അബൂ ജന്ദലേ! കുറച്ചുദിവസംകൂടി ക്ഷമിക്കുക. അടുത്തുതന്നെ അല്ലാഹു താങ്കൾക്ക് മോചനം നല്കുന്നതാണ്. ഞാനിപ്പോൾ നിർബ്ബന്ധിതനാണ്. ***വ ആതയ്നാക്കും അലാദാലിക്ക വ ആതൂന അഹ്ദല്ലാഹി വ ഇന്ന ലാ നബ്ദഹുബിഹിം.*** നാം ഇതുസംബന്ധമായി പരസ്പരം ഒരു കരാർ ചെയ്തിരിക്കുന്നു. ഇവരോട് ചെയ്ത കരാർ നാം ഒരിക്കലും ലംഘിക്കുകയില്ല.

നോക്കുക, ഈ സംഭവത്തിൽ ഏറ്റവും കൂടുതൽ ദുഃഖിച്ചത് നബിതിരുമേനിയായിരിക്കും. പക്ഷേ, അവിടന്ന് താൻ ചെയ്ത കരാറിന് മുൻഗണന നല്കി. അത്

പാലിച്ചു. വാസ്തവത്തിൽ കരാർ അപ്പോൾ എഴുതിയ തേയുള്ളൂ. ആ നേരത്തുതന്നെ അബൂ ജന്ദൽ അവിടെ എത്തിക്കഴിഞ്ഞിരുന്നു. എന്നാൽ അവിടന്ന് കരാർ പാലിക്കുന്നതിൽ ഉന്നതമായ നിലവാരം പുലർത്തുന്നയാളായിരുന്നു. കരാർ പാലിക്കാൻ അവിടന്ന് മറ്റുള്ളവരെ അധികമധികമായി നിർബ്ബന്ധിച്ചിരുന്നു. അതുകൊണ്ടാണ് അവിടന്ന് പറഞ്ഞത് ക്ഷമ കൈക്കൊള്ളുക എന്നത്. കരാർ അനുസരിച്ച് പ്രവർത്തിക്കാൻ ഞാൻ നിർബ്ബന്ധിതനാണെന്ന്.

ഈ പീഡിതർക്കും മർദ്ദിതർക്കും എത്ര വലിയ വലിയ പ്രതിഫലമാണ് അല്ലാഹു നല്കിയതെന്ന് നിങ്ങൾ നോക്കുക. മക്കയിലെ നിഷേധികൾതന്നെ അവസാനം കരാർ ലംഘിച്ചു. അതിന്റെ ഫലമായി മക്കാ വിജയവുമുണ്ടായി.

യുദ്ധങ്ങളിൽ പ്രത്യേകിച്ച് ബദ്ർ യുദ്ധത്തിൽ മുസ്‌ലിംകൾ വളരെ ബലഹീനരായിരുന്നപ്പോൾ എത്ര സഹായം കിട്ടിയാലും അപ്പോൾ തികയുമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ നിഷേധികൾ പൂർണ്ണമായ തയ്യാറെടുപ്പോടുകൂടിയാണ് വന്നിരുന്നത്. അവിടന്ന് കരാർ പാലിക്കുന്നതിനുവേണ്ടി മാത്രം രണ്ടാളുകളെ യുദ്ധത്തിൽ പങ്കെടുക്കുന്നതിൽനിന്ന് തടഞ്ഞു. ആ സംഭവം ഇങ്ങനെ വിവരിക്കുന്നു.

ഹുദയ്ഫാബിൻ യമാൻ(റ) നിവേദനം ചെയ്യുന്നു: ബദ്ർ യുദ്ധത്തിൽ പങ്കെടുക്കുന്നതിന് എനിക്ക് ഇത് തടസ്സമായിതീർന്നു. അതായത്, ഞാനും അബൂഹുസയ്‌ലും യുദ്ധത്തിൽ പങ്കെടുക്കാൻ പുറപ്പെട്ടു. ഞങ്ങളെ സത്യനിഷേധികളായ ഖുറയ്ശികൾ പിടിച്ചു. നിങ്ങൾ മുഹമ്മദിനെ കാണാൻ ആഗ്രഹിക്കുന്നുണ്ടോ എന്ന് അവർ ചോദിച്ചു. ഞങ്ങൾ പറഞ്ഞു ഞങ്ങൾക്ക് ആ ആഗ്രഹമില്ല. ഞങ്ങൾ ഉദ്ദേശിക്കുന്നത് മദീനയിലേക്ക് പോകാനാണ്. മുഹമ്മദിനോട് ചേർന്ന് യുദ്ധം ചെയ്യുകയില്ലെന്നും നേരെ മദീനയിലേക്ക് പോകുമെന്നും അവർ ഞങ്ങളെക്കൊണ്ട് കരാർ ചെയ്യിച്ചു. അങ്ങനെ ഞങ്ങൾ നബിതിരുമേനിയുടെ അടുക്കൽ വന്നു. നടന്ന സംഭവങ്ങൾ വിവരിച്ചു. ഇതുകേട്ടുകൊണ്ട് നബി തിരുമേനി പറഞ്ഞു. നിങ്ങൾ രണ്ടുപേരും പോയ്ക്കൊള്ളുക. അവരോട് ചെയ്ത കരാർ പാലിക്കുക. ഞങ്ങൾ അവർക്കെതിരിൽ അല്ലാഹുവിനോട് സഹായം തേടിക്കൊള്ളാം.

ഇതായിരുന്നു നബിതിരുമേനിയുടെ കർമ്മം. ഇത് നമുക്കിന്ന് അത്യന്താപേക്ഷിതമാണ്. യുദ്ധാവസരങ്ങളിൽ ഇത്തരം കാര്യങ്ങൾക്ക് ആരും അത്ര പ്രാധാന്യം കൊടുക്കാറില്ല. പക്ഷെ, നബിതിരുമേനി പറഞ്ഞു. വാക്ക് പാലിക്കേണ്ടത് നിർബന്ധമാണ്. എന്നാൽ, അല്ലാഹു തന്നെ നമ്മെ സഹായിച്ചുകൊള്ളും. പിന്നീട് അല്ലാഹു എങ്ങനെയാണ് സഹായിച്ചതെന്ന് ലോകം കണ്ടു.

ഹസൻബിൻ അലി ബിൻ അബീറാഫിഅ് പറയുന്നു: അബൂറാഫിഅ്(റ) അദ്ദേഹത്തോട് പറഞ്ഞു: ഖുറയ്ശികൾ എന്നെ നബിതിരുമേനിയുടെ അടുക്കൽ അയച്ചു. ഞാൻ നബിതിരുമേനിയെ കണ്ടപ്പോൾ ഇസ്‌ലാമിനോടുള്ള സ്നേഹം എന്റെ മനസ്സിൽ ചൂഴ്ന്നിറങ്ങി. അപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അല്ലാഹുവാണ, ഇനി ഞാൻ ഖുറൈശികളിലേക്ക് മടങ്ങിപ്പോവുകയില്ല. അത് കേട്ടപ്പോൾ നബിതിരുമേനി പറഞ്ഞു: ഞാൻ കരാർ ലംഘിക്കുകയില്ല. അംബാസിഡർമാരെ തടവിലാക്കുകയുമില്ല. അതുകൊണ്ട് താങ്കൾ മടങ്ങിപ്പോവുക. പോയതിനുശേഷവും ഈ വിശ്വാസം നിങ്ങളിൽ നിലനില്ക്കുകയാണെങ്കിൽ (താൽക്കാലികാവേശമാണോ എന്നും അറിയാമല്ലോ) തിരിച്ചുവരിക. അബൂറാഫിഅ് പറയുന്നു: ഞാൻ തിരിച്ചുപോയി. പിന്നീട് നബിയുടെ അടുത്തുവന്ന് ഇസ്‌ലാം സ്വീകരിച്ചു. ആദ്യനാൾ മുതൽതന്നെ ഈ പാഠം ഓരോ പുതുവിശ്വാസിക്കും അവിടന്ന് പകർന്നുകൊടുത്തു. ഒന്ന് വിശ്വസിച്ചേല്പിച്ച മുതലിൽ വഞ്ചന കണിക്കരുത് രണ്ട്, കരാർ പാലിക്കണം.

നബി(സ) തിരുമേനിയുടെ വിശ്വസ്തൻ എന്ന ഗുണത്തെ പ്രൗഢഗംഭീരമായ നിലയിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ അതൊരു പ്രൗഢിയാണ്. ഈ ഉദാഹരണങ്ങൾ നിസ്സാരമായ ചില മിന്നലാട്ടമാണ്. അവിടന്ന് പറയുന്നു "അമാനത്തുകൊണ്ടുള്ള വിവക്ഷിതം ആ എല്ലാ കഴിവുകളും ബുദ്ധിയും അറിവും മനസ്സും ജീവനും ആശയും ഭയവും സ്നേഹവും മാനവും മുഖകാന്തിയും ആത്മീയവും ഭൗതികവുമായ എല്ലാ കാര്യവും (അതായത്, ഇവിടെ പറഞ്ഞതും പറയാത്തതുമായ ആത്മീയവും ഭൗതികവുമായ എല്ലാ അനുഗ്രഹങ്ങളും ഇതിൽപെടുന്നു) അല്ലാഹു പരിപൂർണ്ണനായ മനുഷ്യന് നല്കുന്നു. പിന്നീട് പരിപൂർണ്ണനായ മനുഷ്യൻ ***ഇന്നല്ലാഹ യഅ്മുറുക്കും അൻ തുഅദ്ദുൽ അമാനാത്തി ഇലാ അഹ്‌ലിഹാ*** നിശ്ചയമായും അല്ലാഹു അമാനത്തുകൾ അവയുടെ അവകാശികൾക്ക് ഏല്പിക്കണമെന്ന് നിങ്ങളോട് കല്പിക്കുന്നു(*4:59*) എന്ന വചനമനുസരിച്ച് എല്ലാ അമാനത്തുകളും അല്ലാഹുവിന് മടക്കിക്കൊടുക്കുന്നു. അതായത് അതിൽ വിലയം പ്രാപിച്ചുകൊണ്ട് അവന്റെ വഴിയിൽ അത് അർപ്പണം ചെയ്യുന്നു. ഈ തേജോവിലാസം ഉന്നതവും ഉദാത്തവും സമ്പൂർണ്ണവുമായ നിലയിൽ നമ്മുടെ നേതാവും നമ്മുടെ യജമാനനും നമ്മുടെ മാർഗ്ഗദർശകനുമായ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയിൽ വിളങ്ങിയിരുന്നു." അമാനത്ത് എന്നു പറയുന്നത് അല്ലാഹു നല്കിയിട്ടുള്ള എല്ലാ കഴിവുകളും അതാതിന്റെ അവസരങ്ങളിൽ ചെലവഴിക്കുക എന്നതാണ്. അതിനുള്ള ഏറ്റവും നല്ലരീതിയാണ് എല്ലാ ശക്തികളും കഴിവുകളും

അല്ലാഹു നല്കിയതായതുകൊണ്ട് അവൻ നല്കിയത നുസരിച്ച് അവന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുക. അതിൽ അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കട മകളും നിറവേറ്റപ്പെടണം.

ഇതുമാത്രമല്ല ജീവിതത്തിന്റെ ഓരോ നിമിഷവും ഈ കടമ നിറവേറ്റണമെന്ന ചിന്തയുണ്ടായിരിക്കണം. അവൻ നല്കിയിട്ടുള്ള എല്ലാ കഴിവുകളും ശക്തികളും അവൻ പറഞ്ഞതനുസരിച്ച് ചെലവഴിക്കുകയും വേണം. അപ്പോഴാണ് അമാനത്തുകളും കരാറുകളും ശരിയായ നിലയിൽ നിറവേറ്റി എന്നു പറയാൻ കഴിയുന്നത്.

അവിടന്ന് പറഞ്ഞു: "നമ്മൾ നബിതിരുമേനിയുടെ ജീവിതത്തെ വിലയിരുത്തുമ്പോൾ ആ എല്ലാ കഴിവുക ളുടേയും ഉന്നതമായ നില അവിടെ കാണാൻ കഴിയു ന്നു. ഈ ജീവിതമാതൃകയാണ് നമ്മുടെ മുമ്പിലുള്ളത്. ഇതിനെ പിൻപറ്റുന്നതിലൂടെ നമുക്കും ദൈവസാമീപ്യം ലഭിക്കുന്നതാണ്." വീണ്ടും അവിടന്ന് പറയുന്നു. "മന സ്സിനെ ശുദ്ധീകരിക്കുകയും എല്ലാത്തരം മാലിന്യങ്ങ ളിൽനിന്നും അതിനെ അകറ്റിനിർത്തുകയും തന്റെ രക്ഷി താവിനോട് കൂറുപുലർത്തുമെന്ന് പ്രതിജ്ഞ ചെയ്യു കയും ചെയ്യുന്നവർ എത്ര സൗഭാഗ്യവാന്മാരാണ്. എന്തു കൊണ്ടെന്നാൽ അതൊരിക്കലും നഷ്ടപ്പെട്ടുപോവുക യില്ല. അല്ലാഹു അവരെ അപമാനിതരാക്കുക എന്നത് സംഭാവ്യമല്ല. കാരണം അവർ അല്ലാഹുവിന്റേതാണ്, അല്ലാഹു അവരുടേതാണ്. ഓരോ നാശമിറങ്ങുമ്പോഴും അവർ രക്ഷിക്കപ്പെടും." അല്ലാഹു ഓരോ അഹ്മദിക്കും തങ്ങളുടെ കരാർ പാലിക്കാനും നബിതിരുമേനി തന്റെ ഉമ്മത്തിനുവേണ്ടി ചെയ്ത പ്രാർത്ഥന സ്വീകരിക്കപ്പെട്ട വരുടെ കൂട്ടത്തിൽ പ്രവേശിക്കാനും ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിനുവേണ്ടി ചെയ്ത പ്രാർത്ഥനയിൽ പങ്കാളികളാകാനും എന്നെന്നും തങ്ങ ളുടെ കരാറുകളുടെ കടമ നിറവേറ്റാനും കരാർ പാലി ക്കുന്നവരും അമാനത്തുകൾ വീട്ടുന്നവരുമായി നിലകൊ ള്ളാനും സൗഭാഗ്യം നല്കുമാറാകട്ടെ.

മറ്റൊരു കാര്യം കൂടി പറയാൻ ഞാൻ ആഗ്രഹി ക്കുന്നു; മുസ്ലിം ഭൂരിപക്ഷ രാജ്യങ്ങളിൽ അഹ്മദി കൾക്കെതിരെ എതിർപ്പ് ശക്തമായിരിക്കുകയാണ്. ഭൗതി കമായ ശക്തിയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും രാജാവുവരേയോ പ്രസിഡന്റുവരേയോ അല്ലെങ്കിൽ മറ്റേ തെങ്കിലും വ്യക്തിവരേയോ എത്താൻ നമുക്ക് കഴിവി ല്ല. അവരെ നാം ആശ്രയിക്കുന്നുമില്ല. നമ്മൾ അല്ലാഹു വിന്റെ മുമ്പിൽ കുനിയുന്നവരും അവനിൽനിന്ന് സഹായം തേടുന്നവരുമാണ്. അതുകൊണ്ട് ഈ ദിന ങ്ങളിൽ പ്രത്യേകമായി അധികമധികം പ്രാർത്ഥിക്കുക. അല്ലാഹു എല്ലാ അഹ്മദികളേയും എല്ലാ ആക്രമണങ്ങ ളിൽനിന്നും സുരക്ഷിതരാക്കി തീർക്കുമാറാകട്ടെ. പ്രത്യേ കിച്ച് ഇൻഡോനേഷ്യയിൽ കുഴപ്പങ്ങൾ വ്യാപകമായി രിക്കുകയാണ്. കഴിഞ്ഞ ദിനങ്ങളിൽ നമ്മുടെ ജൽസ നടക്കുമ്പോൾ ശത്രുക്കൾ ആക്രമണം നടത്തിയിരുന്നു. ചിലർക്ക് പരിക്കുപറ്റി. ഇതിനുശേഷം ഇന്ന് അവിടെത്തെ ഒരു നഗരത്തിൽ ആക്രമണം നടത്താൻ അവർ പരിപാ ടിയിട്ടിരുന്നു. ആ വാർത്ത അവിടെയൊക്കെ പരക്കു കയും ചെയ്തു. അതനുസരിച്ച് ഇന്ന് അവർ ജുമുഅ നമസ്കാരനേരത്ത് വീണ്ടും ആക്രമണം നടത്തി. കുറച്ച് അഹ്മദികൾക്ക് പരിക്കേറ്റിട്ടുണ്ട്. സുരക്ഷാപാലകരുടെ സഹായം ഇല്ലാത്തതിനു തുല്യമാണ്. അവർ നമ്മുടെ പള്ളി ഒഴിപ്പിച്ചിരിക്കുകയാണ്. അല്ലാഹു അവൻതന്നെ ഈ ശത്രുക്കളെ നേരിടുമാറാകട്ടെ. ജമാഅത്തിനെ എല്ലാ ഉപദ്രവങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. നമുക്ക് അറിയാം എന്നല്ല ഓരോ അഹ്മദിയും അറിഞ്ഞിരിക്കേ ണ്ടതാണ്, ജമാഅത്തിന് മുന്നേറ്റമുണ്ടാകുമ്പോഴെല്ലാം ഇത്തരം പരീക്ഷണങ്ങളും ഉണ്ടായിട്ടുണ്ട്. ശത്രുവിന്റെ അസൂയയുടെ അഗ്നി ജ്വലിച്ചുയരുന്നു. പക്ഷേ, ശത്രു വിന്റെ അസൂയയുടെ അഗ്നി ജ്വലിച്ചുയരുമ്പോൾ അഹ്മ ദികളുടെ ജോലി കൂടുതൽ കൂടുതൽ അല്ലാഹുവിന്റെ മുമ്പിൽ സുജൂദ് ചെയ്യുകയും ദുആ ഇരക്കുകയും ചെയ്യു ക എന്നതാണ്. നിങ്ങൾക്കുവേണ്ടിയും നിങ്ങളുടെ ഈമാൻ വർദ്ധിക്കുന്നതിനുവേണ്ടിയും ചെയ്ത പ്രതിജ്ഞ പാലിക്കാൻ തൗഫീഖ് കിട്ടുന്നതിനുവേണ്ടിയും ദുആ ഇരക്കുക. ജമാഅത്തിന്റെ സംരക്ഷണത്തിനുവേ ണ്ടിയും. പരിക്കേറ്റ അഹ്മദികളുടെ ആവേശം ഉയരു ന്നതിനുവേണ്ടിയും അവർക്ക് ക്ഷമയും ഇസ്തിഖാ മത്തും അഭയവും ലഭിക്കുന്നതിനുവേണ്ടിയും എല്ലാ ഉപ ദ്രവങ്ങളിൽനിന്നും രക്ഷകിട്ടുന്നതിനുവേണ്ടിയും ദുആ ഇരക്കുക. അല്ലാഹു സഹായിക്കുമാറാകട്ടെ.

Jumua Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on
15.7.2005
at
Baithul Futhuh, London

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**

Mobile: 9895 126027; 0497 2702562

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala